Australian Government

COVID-19 VACCINATION

# COVID-19 കോമിർനാറ്റി (Pfizer) വാക്സിനെ കുറിച്ചുള്ള വിവരം

അവസാനമായി അപ്ഡേറ്റ് ചെയ്തത്: 2021 സെപ്റ്റംബർ 15

## വാക്സിനെ കുറിച്ചുള്ള വിവരങ്ങൾ

COVID-19 രോഗബാധിതരാകുന്നതിൽ നിന്ന് ആളുകളെ സംരക്ഷിക്കാൻ കഴിയുന്ന വാക്സിനാണ് **Pfizer**. സാധാരണയായി 3-6 ആഴ്ച ഇടവേളയിൽ രണ്ട് ഡോസുകൾ ആവശ്യമാണ്. പ്രത്യേക സാഹചര്യങ്ങളിൽ ഇടവേള കൂടുതൽ നീണ്ടേക്കാം. Pfizer COVID-19 വാക്സിനിൽ സജീവ വൈറസുകൾ ഒന്നുമില്ല, മാത്രമല്ല വാക്സി എടുക്കുന്നതിലൂടെ നിങ്ങൾക്ക് COVID-19 ബാധിക്കുന്നതുമല്ല. സ്പൈക്ക് പ്രോട്ടീൻ എന്നറിയപ്പെടുന്ന SARS-CoV-2 വൈറസിന്റെ ഒരു പ്രധാന ഭാഗത്തിന്റെ ജനിതക കോഡ് ഇതിൽ അടങ്ങിയിരിക്കുന്നു. വാക്സിൻ ലഭിച്ച ശേഷം, നിങ്ങളുടെ ശരീരം സ്പൈക്ക് പ്രോട്ടീന്റെ പകർപ്പുകൾ സൃഷ്ടിക്കുന്നു. COVID-19-ന് ഇടയാക്കുന്ന SARS-CoV-2 വൈറസിനെ തിരിച്ചറിയാനും അവയ്ക്കെതിരെ പോരാടാനും നിങ്ങളുടെ രോഗപ്രതിരോധ ശേഷി പഠിക്കും. ജനിതക കോഡിനെ ശരീരം വളരെ വേഗത്തിൽ വിഘടിപ്പിക്കുന്നു.

വാക്സിനേഷൻ സ്വമനസ്സാലെ എടുക്കേണ്ടതും സൗജന്യവുമാണ്. COVID-19 വാക്സിനേഷനെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആശങ്കകളോ ചോദ്യങ്ങളോ ഉണ്ടെങ്കിൽ, വാക്സിനേഷൻ സ്വീകരിക്കുന്നതിന് മുൻപ് നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോടോ അല്ലെങ്കിൽ നിങ്ങളുടെ GP-യോടോ ചർച്ച ചെയ്യാവുന്നതാണ്.

## വാക്സിനിൽ നിന്നുള്ള ഗുണങ്ങൾ

12 വയസ്സും അതിൽ കൂടുതലും പ്രായമുള്ള ആളുകൾക്ക് COVID-19 ബാധിക്കുന്നത് തടയാൻ Pfizer ഫലപ്രദമാണെന്ന് വളരെ വലിയ ഒരു ക്ലിനിക്കൽ ട്രയൽ പഠനത്തിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. Pfizer-ന്റെ രണ്ട് ഡോസ് ലഭിച്ചിട്ടുള്ള ആളുകൾക്ക് വാക്സിൻ ലഭിക്കാത്ത ആളുകളേക്കാൾ രോഗലക്ഷണങ്ങളോടെയുള്ള COVID-19 ബാധിക്കാനുള്ള സാധ്യത 95 ശതമാനം കുറവാണ്. 65 വയസ്സിന് മുകളിൽ പ്രായമുള്ള ആളുകളിലും നിലവിൽ വൈദ്യ

പരമായ അവസ്ഥകൾ ഉള്ള ആളുകളിലും ഇത് ഒരുപോലെ ഫലപ്രദമാണ്.

COVID-19-ന് എതിരെയുള്ള സംരക്ഷണം ആദ്യ ഡോസ് കഴിഞ്ഞ് 2-3 ആഴ്ചകൾക്കുള്ളിൽ ആരംഭിക്കുന്നു. ഒരു ഡോസ് കുറച്ച് പരിരക്ഷ നൽകുമെങ്കിലും, ഇത് ഹ്രസ്വകാലത്തേക്ക് മാത്രമേ നിലനിൽക്കൂ. രണ്ട് ഡോസ് ലഭിക്കുമ്പോഴാണ് പൂർണ്ണ സംരക്ഷണം ലഭിക്കുന്നത്. ഒരു വാക്സിനും പൂർണ്ണമായി ഫലപ്രദമല്ല, അതിനാൽ വാക്സിൻ എടുത്ത ശേഷവും നിങ്ങൾക്ക് COVID-19 ബാധിക്കാനുള്ള സാധ്യതയുണ്ട്.

വാക്സിൻ എടുത്ത ഒരു വ്യക്തിയെ SARS-CoV-2-ന് തുടർന്നും രോഗബാധിതൻ ആക്കാൻ കഴിയും. അവർക്ക് രോഗലക്ഷണങ്ങൾ ഒന്നും ഇല്ലെങ്കിലോ അല്ലെങ്കിൽ അവർക്ക് ലഘുവായ ലക്ഷണങ്ങളേ ഉള്ളു എങ്കിൽ പോലും, അവർക്ക് അത് മറ്റുള്ളവരിലേക്ക് പകരാൻ കഴിഞ്ഞേക്കും. എന്നിരുന്നാലും, രോഗബാധയുള്ള ഒരു വ്യക്തിയുമായി അടുത്ത സമ്പർക്കം പുലർത്തുന്ന ആളുകളിലേക്ക് വൈറസ് പകരാനുള്ള സാധ്യത കുറയ്ക്കുന്നതിന്, നിലവിൽ ഓസ്ട്രേലിയയിൽ ഉപയോഗിക്കുന്ന COVID-19 വാക്സിനുകൾ ഫലപ്രദമാണ്.

ഇതിനാലാണ് വാക്സിനേഷൻ എടുത്ത ശേഷം ചുവടെ പറയുന്നവ പോലുള്ള മറ്റ് പ്രതിരോധ നടപടികൾ തുടരേണ്ടത് പ്രധാനമാകുന്നത്:

- ശാരീരിക അകലം പാലിക്കൽ
- കൈ കഴുകൽ
- ഒരു ഫെയിസ് മാസ്ക്ക് ധരിക്കൽ
- നിങ്ങളുടെ സംസ്ഥാനത്തിന്റെ/പ്രവിശ്യയുടെ ആവശ്യങ്ങൾ അനുസരിച്ച് COVID-19 പരിശോധനയും ക്വാറന്റൈനും/ഐസൊലേഷനും ആവശ്യമാണ്.

നിങ്ങൾക്ക് രണ്ട് ഡോസ് Pfizer വാക്സിനേഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പ്രാദേശിക ആരോഗ്യ അതോറിറ്റിയുടെ പരിശോധനാ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള രോഗലക്ഷണങ്ങൾ (ഉദാ. പനി, ചുമ, തൊണ്ടവേദന) ഉണ്ടെങ്കിൽ നിങ്ങൾ തുടർന്നും ഒരു COVID-19 പരിശോധനയ്ക്ക് വിധേയമാകേണ്ടി വരും.

## ആർക്കാണ് ഈ വാക്സിൻ സ്വീകരിക്കാൻ കഴിയുക

12 വയസ്സും അതിൽ കൂടുതലും പ്രായമുള്ള ആളുകൾക്ക് Pfizer വാക്സിൻ സ്വീകരിക്കാവുന്നതാണ്.

## ആരൊക്കെയാണ് ഈ വാക്സിൻ സ്വീകരിക്കാൻ പാടില്ലാത്തത്

നിങ്ങൾക്ക് ഇവ ഉണ്ടായിട്ടുണ്ടെങ്കിൽ, നിങ്ങൾ ഈ വാക്സിൻ സ്വീകരിക്കരുത്:

- ഒരു mRNA COVID-19 വാക്സിന്റെ (അതായത് Pfizer അല്ലെങ്കിൽ സ്പൈക്വാക്സ് (Moderna)) ഒരു മുൻ ഡോസിനോട് **അനാഫൈലാക്സിസ്** ഉണ്ടായിട്ടുണ്ട്
- പോളിഎത്തലീൻ ഗ്ലൈക്കോൾ (PEG) ഉൾപ്പെടെ **വാക്സിനിലെ ഏതെങ്കിലും ഘടകങ്ങളുമായി സമ്പർക്കം ഉണ്ടായ ശേഷം പ്രകടമാകുന്ന അനാഫൈലാക്സിസ്**
- ഒരു mRNA COVID-19 വാക്സിന്റെ (അതായത്, Pfizer അല്ലെങ്കിൽ Moderna) ഒരു മുൻ ഡോസുമായി ബന്ധപ്പെട്ട് **മയോകാർഡൈറ്റിസ് ഒപ്പം/അല്ലെങ്കിൽ** പെരികാർഡൈറ്റിസ്
- **മറ്റേതെങ്കിലും ഗുരുതരമായ പ്രതികൂല സംഭവം**, പരിചയസമ്പന്നനായ ഒരു ഇമ്മ്യൂണൈസേഷൻ ദാതാവിന്റെയോ മെഡിക്കൽ സ്പെഷ്യലിസ്റ്റിന്റെയോ തുടർന്നുള്ള അവലോകനത്തിൽ മറ്റ് കാരണങ്ങളൊന്നും ഇല്ലാതെ അത് ഒരു mRNA COVID-19 വാക്സിന്റെ (അതായത്, Pfizer അല്ലെങ്കിൽ Moderna) ഒരു മുൻ ഡോസ് കാരണമാണെന്ന് തിരിച്ചറിഞ്ഞു.

## വാക്സിൻ എടുക്കുന്നതിനുള്ള മുൻകരുതലുകൾ

ചില രോഗാവസ്ഥകളുള്ള ആളുകൾക്ക് വാക്സിൻ സ്വീകരിച്ച ശേഷം 30 മിനിറ്റ് സമയം നിരീക്ഷണത്തിൽ ഇരിക്കുകയോ അല്ലെങ്കിൽ അലർജി സ്പെഷ്യലിസ്റ്റിനെ സന്ദർശിക്കുകയോ ചെയ്യേണ്ടത് പോലുള്ള അധിക മുൻകരുതലുകൾ ആവശ്യമായി വന്നേക്കാം. നിങ്ങൾക്ക് ഇനിപ്പറയുന്നവ മുൻപ് ഉണ്ടായിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് പറയുക:

- ഒരു mRNA COVID-19 വാക്സിന്റെ (അതായത്, Pfizer അല്ലെങ്കിൽ Moderna) **മുൻ ഡോസിനോടോ** അതിലെ ഒരു ഘടകത്തിനോടോ ഉള്ള ഒരു **അലർജിക്ക് പ്രതികരണം**
- **മറ്റ് വാക്സിനുകളോടോ മറ്റ് മരുന്നുകളോടോ അനാഫൈലാക്സിസ്.** പൊതുവായി ഉപയോഗിക്കുന്ന ഘടകങ്ങൾ ഒന്നും നിങ്ങൾക്ക് ലഭിക്കുന്ന COVID-19 വാക്സിനിൽ ഇല്ലെന്ന് ഉറപ്പാക്കാൻ നിങ്ങളുടെ പ്രൊവൈഡറിന് പരിശോധിക്കാൻ കഴിയും
- ചികിത്സ ആവശ്യമുള്ള ആവർത്തിച്ചുള്ള അനാഫൈലാക്സിസോട് കൂടിയ മാസ്റ്റോസൈറ്റോസിസ് സ്ഥിരീകരിച്ചു.

**നിങ്ങൾക്ക് രക്തസ്രാവ വൈകല്യം ഉണ്ടെങ്കിലോ** അല്ലെങ്കിൽ നിങ്ങൾ **ബ്ലഡ് തിന്നർ ഔഷധം** (ആന്റികൊയാഗുലന്റ്) ഉപയോഗിക്കുന്നുണ്ടെങ്കിലോ, ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് ആ വിവരം പറയുക. ഒരു ഇൻട്രാമസ്ക്കുലാർ കുത്തിവയ്പ്പ് നടത്തുന്നത് സുരക്ഷിതമാണോ എന്ന് നിർണ്ണയിക്കാനും കുത്തിവയ്പ്പിനുള്ള ഏറ്റവും മികച്ച സമയം തീരുമാനിക്കാൻ സഹായിക്കാനും നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡർക്ക് കഴിയും.

## വാക്സിനേഷന് മുമ്പ് ചർച്ച ചെയ്യേണ്ട പ്രത്യേക സാഹചര്യങ്ങൾ

### Pfizer-നുള്ള മുൻകരുതലുകളുള്ള ആളുകൾ

ഇനിപ്പറയുന്ന ഏതെങ്കിലും അവസ്ഥകളുടെ ചരിത്രമുള്ള ആളുകൾക്ക് Pfizer ലഭിക്കും, എന്നാൽ മികച്ച വാക്സിനേഷൻ സമയത്തെ കുറിച്ചും എന്തെങ്കിലും അധിക മുൻകരുതലുകൾ ശുപാർശ ചെയ്തിട്ടുണ്ടോയെന്നും ഒരു ജെനറൽ പ്രാക്ടീസ്ഷണറിൽ നിന്നോ, ഇമ്മ്യൂണൈസേഷൻ സ്പെഷ്യലിസ്റ്റിൽ നിന്നോ കാർഡിയോളജിസ്റ്റിൽ നിന്നോ ഉപദേശം തേടണം:

- സമീപകാലത്ത് (അതായത്, കഴിഞ്ഞ 6 മാസത്തിനുള്ളിൽ) ഉണ്ടായ ഇൻഫ്ലമേറ്ററി ഹൃദ്രോഗം. ഉദാഹരണത്തിന്, മയോകാർഡൈറ്റിസ്, പെരികാർഡൈറ്റിസ്, എൻഡോകാർഡൈറ്റിസ്
- അക്യൂട്ട് റുമാറ്റിക് ഫീഫർ (അതായത്, അക്യൂട്ട് മയോകാർഡിയൽ ഇൻഫ്ലമേഷനോട് കൂടി) അല്ലെങ്കിൽ അക്യൂട്ട് റുമാറ്റിക് ഹൃദ്രോഗം
- അക്യൂട്ട് ഡീകംപൻസേറ്റഡ് ഹൃദയ പരാജയം.

### രോഗപ്രതിരോധ ശേഷി ദുർബലമായ ആളുകൾ (രോഗ പ്രതിരോധ ശേഷി ഇല്ലാത്തവർ)

രോഗപ്രതിരോധ ശേഷി ദുർബലപ്പെടുത്തുന്ന മരുന്നുകൾ കഴിക്കുന്ന ഒരു മെഡിക്കൽ അവസ്ഥയുള്ളവരെ രോഗ പ്രതിരോധ ശേഷി ഇല്ലാത്തവരായി കണക്കാക്കുന്നു. രോഗപ്രതിരോധ ശേഷി ഇല്ലാതാക്കുന്ന മരുന്നുകൾ കഴിക്കുന്നവരും ഇതിൽ ഉൾപ്പെടുന്നു.

രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകൾ COVID-19 വാക്സിനേഷൻ എടുക്കണമെന്ന് ഓസ്ട്രേലിയൻ സർക്കാർ ശക്തമായി ശുപാർശ ചെയ്യുന്നു. Pfizer ഒരു സജീവ വാക്സിൻ അല്ല. രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകളിൽ അത് സുരക്ഷിതമാണ്.

HIV ബാധിതർ ഉൾപ്പെടെയുള്ള രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകൾക്ക് COVID-19-ൽ നിന്ന് ഗുരുതരമായ രോഗം വരാനുള്ള സാധ്യത കൂടുതലാണ്, മരണ സാധ്യത കൂടുതലാണ്.

Pfizer-നുള്ള ക്ലിനിക്കൽ പരീക്ഷണങ്ങളിൽ രോഗപ്രതിരോധ ശേഷി കുറഞ്ഞ ആളുകളെ ഉൾപ്പെടുത്തിയിരുന്നില്ല, രൂക്ഷമല്ലാത്ത HIV ബാധിതരായ ഒരു ചെറിയ വിഭാഗം ആളുകളെ മാത്രമേ പങ്കെടുപ്പിച്ചിരുന്നുള്ളൂ. മറ്റ് ജനവിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ Pfizer രോഗ പ്രതിരോധ ശേഷി കുറഞ്ഞവരിൽ ഫലപ്രദമാണോ എന്ന് ഞങ്ങൾക്ക് അറിയില്ല. സാധാരണ ജനവിഭാഗത്തിൽ എന്നപോലെ രോഗ പ്രതിരോധ ശേഷി കുറഞ്ഞവരിലും Pfizer ഫലപ്രദമാകാതിരിക്കാൻ സാധ്യതയുണ്ട്. പ്രതിരോധ കുത്തിവയ്പ്പിനു ശേഷം ശാരീരിക അകലം പാലിക്കൽ പോലുള്ള മറ്റ് പ്രതിരോധ നടപടികൾ തുടരേണ്ടത് പ്രധാനമാണ്.

## ഗർഭം ധരിച്ചതോ അല്ലെങ്കിൽ മുലയൂട്ടുന്നതോ ആയ സ്ത്രീകൾ

ഗർഭാവസ്ഥയുടെ ഏത് ഘട്ടത്തിലുമുള്ള ഗർഭിണികളായ മുതിർന്ന സ്ത്രീകൾക്കും കൗമാരക്കാർക്കും Pfizer അല്ലെങ്കിൽ Moderna നൽകണം. നിങ്ങൾ ഗർഭിണിയാകാൻ ശ്രമിക്കുകയാണെങ്കിൽ, നിങ്ങൾ വാക്സിനേഷൻ വൈകിപ്പിക്കുകയോ കുത്തിവയ്പ്പിന് ശേഷം ഗർഭിണിയാകുന്നത് ഒഴിവാക്കുകയോ ചെയ്യേണ്ടതില്ല.

COVID-19 ഉള്ള ഗർഭിണികൾക്ക് കടുത്ത രോഗങ്ങൾക്കും പ്രതികൂല ഗർഭധാരണ ഫലങ്ങൾക്കും സാധ്യത കൂടുതലാണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും Pfizer സുരക്ഷിതമാണെന്ന് യഥാർത്ഥ ഉപയോഗത്തിൽ നിന്നുള്ള ഫലങ്ങൾ തെളിയിച്ചിട്ടുണ്ട്.

നിങ്ങൾ മുലയൂട്ടുകയാണെങ്കിൽ, നിങ്ങൾക്ക് Pfizer സ്വീകരിക്കാവുന്നതാണ്. വാക്സിനേഷന് ശേഷം നിങ്ങൾ മുലയൂട്ടൽ നിർത്തേണ്ടതില്ല.

## COVID-19-ന്റെ മുൻ ചരിത്രം ഉള്ള ആളുകൾക്ക്

നിങ്ങൾക്ക് മുൻപ് COVID-19 ബാധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് പറയുക. കുറഞ്ഞത് 6 മാസത്തേക്കെങ്കിലും വീണ്ടും അണുബാധയുണ്ടാക്കാനുള്ള സാധ്യത മുൻകാല അണുബാധ കുറയ്ക്കുന്നതിനാൽ, SARSCoV-2 അണുബാധ സ്ഥിരീകരിച്ചവരിൽ കടുത്ത അസുഖത്തിന് ശേഷം COVID-19 വാക്സിൻ എടുക്കുന്നത് ആറ് മാസം വരെ നീട്ടിവയ്ക്കാം. എന്നിരുന്നാലും, രോഗലക്ഷണം പ്രകടമായ അണുബാധയിൽ നിന്ന് അവർ സുഖം പ്രാപിക്കുമ്പോൾ വാക്സിനേഷൻ ആരംഭിക്കാവുന്നതാണ്. ചില ആളുകൾക്ക് അണുബാധയുണ്ടായതിനെ തുടർന്ന് 6 മാസങ്ങൾക്ക് മുമ്പ് വാക്സിനേഷൻ നൽകുന്നതും യുക്തിസഹമാണ്. നിങ്ങളുടെ ഡോക്ടറുമായോ വാക്സിനേഷൻ ദാതാവിനോടോ ചർച്ച ചെയ്യുക. നിങ്ങൾ നിലവിൽ ഒരു COVID-19 രോഗിയാണെങ്കിൽ, വാക്സിനേഷൻ എടുക്കുന്നതിനുള്ള ഏറ്റവും മികച്ച സമയം നിങ്ങളെ ചികിത്സിക്കുന്ന ഡോക്ടറുമായി ചർച്ച ചെയ്യുക.

## Pfizer-ഉം കുട്ടികളും

12 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ആളുകളിൽ ഉപയോഗിക്കുന്നതിന് Pfizer-ന് താൽക്കാലികമായി അംഗീകാരം ലഭിച്ചിട്ടുണ്ട്, അതിനാൽ ഇത് കുട്ടികൾക്ക് നൽകാനാവില്ല.

## Pfizer-ന്റെ സുരക്ഷ ഉറപ്പ് വരുത്തൽ

വാക്സിൻ ഗവേഷണത്തിനുള്ള വർദ്ധിച്ച ധനസഹായവും, ഗവേഷണ പഠനത്തിനായി വളരെയധികം സന്നദ്ധ പ്രവർത്തകരെ ലഭിച്ചതും കാരണം Pfizer-ഉം മറ്റ് COVID-19 വാക്സിനുകളും വേഗത്തിൽ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞു. 44,000-ത്തോളം ആളുകൾ ഉൾപ്പെട്ട ഒരു വലിയ ക്ലിനിക്കൽ ട്രയലിലൂടെ Pfizer സുരക്ഷിതവും ഫലപ്രദവുമാണെന്ന് സ്ഥിരീകരിക്കപ്പെട്ടു.

ഓസ്ട്രേലിയയിലെ എല്ലാ വാക്സിനുകളും തെറാപ്പ്യൂട്ടിക് ഗുഡ്സ് അഡ്മിനിസ്ട്രേഷൻ വിലയിരുത്തുന്നു. ഒരു വാക്സിന് ഉപയോഗത്തിനായി അംഗീകാരം ലഭിക്കുന്നതിന്, അത് സുരക്ഷിതവും ഫലപ്രദവും വളരെ ഉയർന്ന നിലവാരത്തിൽ നിർമ്മിക്കുന്നതുമാണെന്ന് ഇത് ഉറപ്പാക്കുന്നു. COVID-19

വാക്സിനുകൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയയുടെ ഒരു വിവരണം TGA വെബ്സൈറ്റിൽ ലഭ്യമാണ്.

COVID-19 വാക്സിനുകളുടെ സുരക്ഷ COVID-19 വാക്സിനേഷൻ പ്രോഗ്രാം കാലയളവിൽ ഉടനീളം നിരീക്ഷിക്കപ്പെടുന്നതാണ്.

COVID-19 വാക്സിൻ AstraZeneca സ്വീകരിച്ചതിന് ശേഷം രക്തത്തിലെ പ്ലേറ്റ്ലെറ്റ് കൗണ്ട് കുറയുന്നതിനൊപ്പം രക്തം കട്ടപിടിക്കുന്ന വളരെ അപൂർവമായ പാർശ്വഫലങ്ങളുണ്ടെന്ന് റിപ്പോർട്ടുകൾ ഉണ്ട്. COVID-19 വാക്സിൻ AstraZeneca വാക്സിൻ വ്യത്യസ്തമായ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. Pfizer COVID-19 വാക്സിനുമായി ബന്ധപ്പെട്ട് ഈ അവസ്ഥ ഉണ്ടാകുന്നതായി തെളിവുകളൊന്നുമില്ല.

സംശയിക്കപ്പെടുന്ന പാർശ്വഫലങ്ങൾ നിങ്ങളുടെ വാക്സിനേഷൻ ദാതാവിനോ മറ്റ് ആരോഗ്യ പരിപാലന വിദഗ്ദ്ധർക്കോ റിപ്പോർട്ട് ചെയ്യാൻ നിങ്ങൾക്ക് കഴിയും. അവർ നിങ്ങളുടെ താൽപ്പര്യാർത്ഥം നിങ്ങളുടെ സംസ്ഥാനത്തിനോ പ്രവിശ്യാ ആരോഗ്യ വകുപ്പിനോ അല്ലെങ്കിൽ നേരിട്ട് TGA-ക്കോ ഒരു ഔദ്യോഗിക റിപ്പോർട്ട് നൽകും.

നിങ്ങൾക്ക് അവ സ്വയം റിപ്പോർട്ട് ചെയ്യണമെന്ന് ഉണ്ടെങ്കിൽ, COVID-19 വാക്സിനുകളുമായി ബന്ധപ്പെട്ട സംശയകരമായ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത് എങ്ങനെ എന്നത് സംബന്ധിച്ച വിവരങ്ങൾക്ക് TGA വെബ്സൈറ്റ് സന്ദർശിക്കുക.